**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4048** **03-03-2023 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ കോളേജുകളിലെ ടീച്ചിങ് സ്റ്റാഫ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കെ ബി ഗണേഷ് കുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ടീച്ചിങ് സ്റ്റാഫിന്റെ കുറവുണ്ടോ; വിശദമാക്കുമോ; | (എ) | നാഷണൽ മെഡിക്കൽ കമ്മീഷന്റെ മാനദണ്ഡമനുസരിച്ച് മെഡിക്കൽ കോളേ ജുകളിൽ ടീച്ചിംഗ് സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ചില കോടതി വ്യവഹാരങ്ങൾ പ്രകാരം എൻട്രി കേഡർ വിഭാഗമായ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്കും, ആയതിന്റെ പ്രൊമോഷൻ പോസ്റ്റ് ആയ അസോസിയേറ്റ് പ്രൊഫസർ തസ്തികകളിലേയ്ക്കും നിയമനം നടത്തുന്നതിന് തടസ്സം നേരിടുന്നുണ്ട്. എങ്കിലും എൻ.എം.സി മാനദണ്ഡം പാലിക്കുന്നതിനും രോഗി പരിചരണത്തിനും ആവശ്യമായ ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുന്നതിനുമായി വിവിധ വിഭാഗങ്ങളിലെ അസോസിയേറ്റ് പ്രൊഫസർ തസ്തികകളിലേയ്ക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.കൂടാതെ ടീച്ചിംഗ് വേക്കൻസി ഉള്ള വിഭാഗങ്ങളിൽ സീനിയർ റസിഡന്റിനെ കൂടാതെ കരാർ അടിസ്ഥാനത്തിലും ഡോക്ടർമാരെ നിയോഗിച്ച് ടീച്ചിംഗ് സ്റ്റാഫിന്റെ കുറവ് പരിഹരിച്ചു വരുന്നു.വിവിധ മെഡിക്കൽ കോളേജുകളിലായി 291 ടീച്ചിംഗ് /നോൺ ടീച്ചിംഗ് തസ്തികകൾ പുതുതായി സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | നിലവിൽ വിദ്യാർത്ഥികൾക്ക് ആനുപാതികമായ ടീച്ചിങ് സ്റ്റാഫ് എല്ലാ മെഡിക്കൽ കോളേജുകളിലും ഉണ്ടോയെന്ന് അറിയിക്കുമോ? | (ബി) | നാഷണൽ മെഡിക്കൽ കമ്മീഷന്റെ മാനദണ്ഡമനുസരിച്ച് മെഡിക്കൽ കോളേ ജുകളിൽ ടീച്ചിംഗ് സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ചില കോടതി വ്യവഹാരങ്ങൾ പ്രകാരം എൻട്രി കേഡർ വിഭാഗമായ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്കും, ആയതിന്റെ പ്രൊമോഷൻ പോസ്റ്റ് ആയ അസോസിയേറ്റ് പ്രൊഫസർ തസ്തികകളിലേയ്ക്കും നിയമനം നടത്തുന്നതിന് തടസ്സം നേരിടുന്നുണ്ട്. എങ്കിലും എൻ.എം.സി മാനദണ്ഡം പാലിക്കുന്നതിനും രോഗി പരിചരണത്തിനും ആവശ്യമായ ഡോക്ടർമാരുടെ |

| | | | |
|---|---|---|---|
| | | | **സേവനം ഉറപ്പുവരുത്തുന്നതിനുമായി വിവിധ വിഭാഗങ്ങളിലെ അസോസിയേറ്റ് പ്രൊഫസർ തസ്തികകളിലേയ്ക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.കൂടാതെ ടീച്ചിംഗ് വേക്കൻസി ഉള്ള വിഭാഗങ്ങളിൽ സീനിയർ റസിഡന്റിനെ കൂടാതെ കരാർ അടിസ്ഥാനത്തിലും ഡോക്ടർമാരെ നിയോഗിച്ച് ടീച്ചിംഗ് സ്റ്റാഫിന്റെ കുറവ് പരിഹരിച്ചു വരുന്നു.വിവിധ മെഡിക്കൽ കോളേജുകളിലായി 291 ടീച്ചിംഗ് /നോൺ ടീച്ചിംഗ് തസ്തികകൾ പുതുതായി സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ